"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് പുറപ്പെടുവിച്ച 06/03/2019 ലെ സ.ഉ(കൈ) നമ്പർ 29/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 5 അദ്ധ്യാപകർക്കും ടി ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹനായിരുന്ന ശ്രീ. ജലാലുദീൻ കെ.ടി യ്ക്കും നിയമന അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.97/2022/GEDN തീയതി,തിരുവനന്തപുരം, 04-06-2022

---

പരാമർശം:-

1. സ.ഉ.(കൈ) നം.29/2019/പൊവിവ തീയതി 06.03.2019
2. കുറ്റിപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.11.2020ലെ ഡി/5907/2019 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/02/2021 ലെ എൻ.ഇ.പി(3)/ 197187/2020/ഡി.ജി.ഇ നമ്പർ കത്ത്
4. കോഴിക്കോട് സൂപ്പർ ചെക്ക് ഓഫീസറുടെ 22.03.2021ലെ എസ്.സി/09/2021/കെ.കെ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിതരായ മലപ്പുറം പുറമണ്ണ് മജിലിസ് എൽ.പി.സ്കൂളിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 06.03.2019 ലെ സ.ഉ.(കൈ)29/2019/പൊ.വി.വ നമ്പർ ഉത്തരവിൽ ഉൾപ്പെട്ട 5 അധ്യാപകരേക്കാൾ സീനിയറായ ശ്രീ.ജലാലുദ്ദീൻ. കെ ടി, എൽ.പി.എസ്.എ ആയി 1.3.2007 മുതൽ പ്രസ്തുത സ്കൂളിൽ ജോലി ചെയ്തു വരുന്നു. 2003 മുതൽ അംഗീകരിക്കപ്പെട്ട ഒഴിവിൽ നിയമിക്കപ്പെട്ട ഒരു അദ്ധ്യാപിക പി.എസ്.സി വഴി നിയമനം കിട്ടിപ്പോയ ഒഴിവിലേയ്ക്ക് ടിയാൾ നിയമിക്കപ്പെട്ടിരുന്നു. ശ്രീ.ജലാലുദ്ദീൻ അംഗീകാരമില്ലാതെ ജോലി ചെയ്തിരുന്ന തസ്തികയിൽ മാനേജർ അർച്ചന .പി എന്ന എൽ.പി.എസ്.എ യെ നിയമിച്ചിരുന്നു. അർച്ചന.പി എന്ന എൽ.പി.എസ്.എ, 06.03.2019 ലെ സ.ഉ.(കൈ)29/2019/പൊ.വി.വ നമ്പർ ഉത്തരവിൽ അഞ്ചാമതായി ഉൾപ്പെട്ടിട്ടുണ്ട്. ശ്രീ.ജലാലുദ്ദീൻ ഇവരിൽ ഏറ്റവും സീനിയറായി ഈ പട്ടികയിൽ ഉൾപ്പെടേണ്ടതായിരുന്നുവെങ്കിലും അദ്ദേഹത്തെ പരിഗണിക്കുവാൻ വിട്ടുപോയതായി കരുതുന്നുവെന്നും തന്മൂലം ഏറ്റവും സീനിയറായ ശ്രീ.ജലാലുദ്ദീന് 2017 മുതൽ ആനുകൂല്യങ്ങൾ കിട്ടുകയും ജൂനിയർമാർക്ക് 11.11.2015 മുതൽ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്ന അസാധാരണ സ്ഥിതി വിശേഷം

ഉണ്ടാകുമെന്നതിനാൽ ശ്രീ.ജലാലുദ്ദീന്റെ സീനിയോറിറ്റി മാനിച്ച് കൊണ്ട് അദ്ദേഹത്തിന്റെ നിയമന അംഗീകാര തീയതിക്കുതന്നെ മറ്റുള്ളവർക്കും നിയമനാംഗീകാരം നല്കേണ്ടി വന്നുവെന്നും പരാമർശം (2) പ്രകാരം കുറ്റിപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്ന റിപ്പോർട്ടിൽ ശ്രീ.ജലാലുദ്ദീനിൽ നിന്നും ജൂനിയർ ആയ അധ്യാപകർക്ക് 11/11/2015 മുതൽ മുൻകാല പ്രാബല്യം ലഭിക്കുമ്പോൾ ടിയാനെ കൂടി ആയതിലേയ്ക്ക് പരിഗണിച്ച് അർഹതപ്പെട്ട ആനുകൂല്യം അദ്ദേഹത്തിന് നൽകുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടിരുന്നു. സൂപ്പർ ചെക്ക് ഓഫീസർ വീണ്ടും പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം 2015-16 വർഷത്തിൽ സ്കൂളിൽ 4 ഡിവിഷൻ അനുവദിക്കാനാവശ്യമായ കുട്ടികളും, 2017-18 വർഷത്തിൽ സ്കൂളിൽ 5 ഡിവിഷൻ അനുവദിക്കാനാവശ്യമായ കുട്ടികളും ഉണ്ടായിരുന്നു ( വിദ്യാർഥി അധ്യാപക അനുപാതം 1:45) . കൂടാതെ അവസാനം നിയമനം ലഭിച്ച രണ്ടു അധ്യാപകർക്ക് (ഫൗസിയ കരിങ്കപ്പാറ, അർച്ചന .പി) 01/06/2017 മുതലേ നിയമനം ലഭിക്കുന്നു എന്നുള്ളതിനാൽ ശ്രീ .ജലാലുദ്ദിൻ കെ ടി യ്ക്ക് 11/11/2015 മുതൽ അംഗീകാരം നൽകുവാൻ കഴിയും എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് പുറപ്പെടുവിച്ച 06/03/2019 ലെ സ.ഉ(കൈ) നമ്പർ 29/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 5 അദ്ധ്യാപകർക്കും ടി ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹനായിരുന്ന ശ്രീ. ജലാലുദീൻ കെ.ടി യ്ക്കും ചുവടെ പറയുന്ന തീയതികളിൽ നിയമന അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര് | നിയമനാംഗീകാരം ലഭിക്കുന്ന തീയതി |
|---|---|---|
| 1 | ജലാലുദ്ദിൻ കെ ടി | 11/11/2015 |
| 2 | നസ്റുദ്ദിൻ കെ | 11/11/2015 |
| 3 | അബ്ദുൽ റൗഫ് കെ വി | 11/11/2015 |
| 4 | സജിനത്ത് ടി പി | 11/11/2015 |
| 5 | ഫൗസിയ കരിങ്കപ്പാറ | 01/06/2017 |
| 6 | അർച്ചന പി | 01/06/2017 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സ.ഉ.(കൈ) നം.97/2022/GEDN

പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം

ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, കുറ്റിപ്പുറം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( EDN A1/257/2021/Fin തീയതി 17.05.2022)

പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നം.779 തീയതി 02.06.2022)

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 04-06-2022 13:46:00**
സെക്ഷൻ ഓഫീസർ

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഫയൽ നം. പൊ.വി.വ.-ഡി1/46/2019/പൊവിവ. ഇനം നം: 779

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂൾ - പുറമണ്ണൂർ മജ്‌ലിസ് എൽ. പി. - അധ്യാപകരുടെ നിയമനാംഗീകാരം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3/6/22

449

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : പൊ.വി.വ -ഡി1 / 46/ 2019/പൊ. വി.വ |
| 2. | വകുപ്പ് | : പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | :ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂൾ -പുറമണ്ണൂർ മജ്‌ലിസ് എൽ.പി -അധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 15/ 9/ 2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ഒ. എൻ സക്കീർ ഹുസൈൻ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : എ പി എം മുഹമ്മദ് ഹനീഷ് |
| 9. | മന്ത്രിസഭക്കുള്ള കരട്കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 29/ 5/ 2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ . വി പി ജോയ് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 31/ 5/ 2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : വി ശിവൻകുട്ടി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 01/ 6/ 2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 01/ 6/ 2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : 2/6/2022 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : സ.ഉ.(കൈ)നം. 97/2022/ പൊ.വി.വ തീയതി 4.06.2022. |

## മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പ്

1. ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് 06.03.2019 ൽ സ.ഉ.(കൈ) 29/2019/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം പുറമണ്ണൂർ മജ്‌ലിസ് എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീ.അബ്ദുൾ റൗഫ്.കെ., സജിനത്ത്. ടി.പി., നസറുദ്ദീൻ.കെ എന്നിവരുടെ നിവേദനവുമായി ബന്ധപെട്ടതാണ് ഈ കുറിപ്പ്,ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തങ്ങൾക്ക് 11.11.2015 മുതൽ നിയമനാംഗീകാരം നൽകുന്നതിനുപകരം 1.6.2017 മുതലാണ് കുറ്റിപ്പുറം എ.ഇ.ഒ. നിയമനാംഗീകാരം നൽകിയിട്ടുള്ളതെന്നും ആയതിനാൽ തങ്ങളുടെ നിയമനാംഗീകാരം ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം 11.11.2015 മുതൽ ലഭ്യമാക്കണമെന്നാണ് നിവേദനത്തിലെ ആവശ്യം.

2. പരാതിക്കാരായ മൂന്ന് അദ്ധ്യാപകർക്കും 01.06.2017 മുതലാണ് നിയമനാംഗീകാരം നൽകിയത്. 2003 വർഷം മുതൽ അംഗീകരിക്കപ്പെട്ട 15 പോസ്റ്റുകളിൽപ്പെട്ട ഒരു അദ്ധ്യാപിക പി.എസ്.സി. വഴി നിയമനം കിട്ടിപ്പോയ ഒഴിവിലേയ്ക്ക് നിയമിച്ചിരുന്ന, നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരിൽ സീനിയറായ ശ്രീ. ജലാലുദ്ദീൻ. എന്ന അദ്ധ്യാപകന്റെ സീനിയോറിട്ടി നഷ്ടമാകുമെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് 11.11.2015 മുതൽ നിയമനാംഗീകാരത്തിന് അർഹതയുള്ള ഇവരുടെ നിയമനാംഗീകാരം നിരസിക്കപ്പെട്ടിട്ടുള്ളത്.

3. ഇക്കാര്യത്തിൽ കുറ്റിപ്പുറം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ വിശദീകരണത്തിൽ പ്രസ്തുത വിദ്യാലയത്തിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 06.03.2019 ലെ സ.ഉ.(കൈ) 29/2019/പൊ.വി.വ നമ്പർ ഉത്തരവിൽ ഉൾപ്പെട്ട 5 അധ്യാപകരേക്കാൾ സീനിയറായ ശ്രീ.ജലാലുദ്ദീൻ. കെ ടി എൽ.പി.എസ്.എ ആയി 1.3.2007 മുതൽ പ്രസ്തുത സ്കൂളിൽ ജോലി ചെയ്തു വരുന്നു. 2003 മുതൽ അംഗീകരിക്കപ്പെട്ട ഒഴിവിൽ നിയമിക്കപ്പെട്ട ഒരു അദ്ധ്യാപിക പി.എസ്.സി വഴി നിയമനം കിട്ടിപ്പോയ ഒഴിവിലേയ്ക്ക് ടി യാൾ നിയമിക്കപ്പെട്ടിരുന്നു.

ശ്രീ.ജലാലുദ്ദീൻ അംഗീകാരമില്ലാതെ ജോലി ചെയ്തിരുന്ന തസ്തികയിൽ മാനേജർ അർച്ചന .പി എന്ന എൽ.പി.എസ്.എ യെ നിയമിച്ചിരുന്നു. അർച്ചന .പി എന്ന എൽ.പി.എസ്.എ, 06.03.2019 ലെ സ.ഉ.(കൈ) 29/ 2019/പൊ.വി.വ നമ്പർ ഉത്തരവിൽ അഞ്ചാമതായി ഉൾപ്പെട്ടിട്ടുണ്ട്. ശ്രീ.ജലാലുദ്ദീൻ ഇവരിൽ ഏറ്റവും സീനിയറായി ഈ പട്ടികയിൽ ഉൾപ്പെടേണ്ടതായിരുന്നുവെങ്കിലും അദ്ദേഹത്തെ പരിഗണിക്കുവാൻ വിട്ടുപോയതായി കരുതുന്നുവെന്നും തന്മൂലം ഏറ്റവും സീനിയറായ ശ്രീ.ജലാലുദ്ദീന് 2017 മുതൽ ആനുകൂല്യങ്ങൾ കിട്ടുകയും ജൂനിയർമാർക്ക് 11.11.2015 മുതൽ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്ന അസാധാരണ സ്ഥിതി വിശേഷം ഉണ്ടാകുമെന്നതിനാൽ ശ്രീ.ജലാലുദ്ദീന്റെ സീനിയോറിറ്റി മാനിച്ച് കൊണ്ട് അദ്ദേഹത്തിന്റെ നിയമന അംഗീകാര തീയതിക്കുതന്നെ മറ്റുള്ളവർക്കും നിയമനാംഗീകാരം നല്കേണ്ടി വന്നുവെന്നും അറിയിച്ചു .

4. ഇക്കാര്യത്തിൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. .പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" ഭരണ വകുപ്പിനെ താഴെ പറയും പ്രകാരം അറിയിക്കുന്നു . 2007 മുതൽ കെ . ഇ . ആർ പ്രകാരം അനുവദനീയമായ തസ്തികയിലാണ് ശ്രീ ജലാലുദ്ദീൻ ജോലി ചെയ്തിരുന്നത് എന്നും , തന്മൂലം സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ റിപ്പോർട്ടിൽ ഉൾപ്പെടാൻ അർഹതയുണ്ടായിരുന്നെന്നും, ശ്രീ.ജലാലുദ്ദീൻ പ്രസ്തുത തസ്തികയിൽ ഉൾപ്പെടേണ്ട വ്യക്തി എന്ന നിലയിൽ ടിയാനും 11.11.15 മുതൽ ഈ ലിസ്റ്റ് പ്രകാരം നിയമനാംഗീകാരത്തിന് അർഹതയുണ്ടെന്നും ഭരണവകുപ്പ് ഹിയറിങ് നടത്തിയപ്പോൾ ശ്രദ്ധിച്ചതായി കാണുന്നു . ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് സഹായകമായ ഒരു റിപ്പോർട്ട് സമയബന്ധിതമായി ഹാജരാക്കാൻ ഒരു നിർദ്ദേശം സൂപ്പർ ചെക്ക് സെൽ ഓഫീസർ / പൊ. വി.ഡ.യ്ക്ക് നൽകി, ആയതു വാങ്ങി പരിശോധിക്കുമ്പോൾ ക്രമപ്രകാരമെങ്കിൽ, ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ള പക്ഷവും മറ്റു വിധത്തിൽ യോഗ്യരാണെങ്കിലും , ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓരോ റ്റീച്ചർക്കും ശുപാർശ ചെയ്ത തീയതി വച്ച് അവരവർക്ക് അംഗീകാരം നൽകുന്നതിന് ഭരണവകുപ്പിന് തീരുമാനമെടുക്കാവുന്നതാണ്."

5. ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് ഓഫീസർ ഒരിക്കൽ കൂടി സ്കൂൾ സന്ദർശിക്കുകയും വസ്തുതകൾ പരിശോധിക്കുകയും ചെയ്തു . 2017-18 വർഷത്തിൽ സ്കൂളിൽ 5 ഡിവിഷനുകൾ അനുവദിക്കാനാവശ്യമായ കുട്ടികളുണ്ടെന്നും (അധ്യാപക - വിദ്യാർത്ഥി അനുപാതം 1:45) ആ വർഷവും 2015-16 വർഷത്തിലും 4 അധിക ഡിവിഷനുകൾ അനുവദിക്കുന്നതിനാവശ്യമായ വിദ്യാർഥികൾ ഉണ്ടെന്നും (ആകെ 16 ഡിവിഷൻ ) സൂപ്പർ ചെക് ഓഫീസർ കണ്ടെത്തി . എന്നിരുന്നാലും അവസാനമായി നിയമനം ലഭിച്ച 2 അധ്യാപകർക്ക് (ഫൗസിയ കരിങ്കപ്പാറ, അർച്ചന പി) 01/06/2017 മുതലേ നിയമനം ലഭിക്കുന്നുള്ളൂവെന്നതിനാൽ താഴെപ്പറയുന്ന അധ്യാപകർക്ക് 11/11/2015 മുതൽ നിയമനാംഗീകാരം ലഭിക്കുന്നതിന് തടസ്സമൊന്നുമില്ല

| ക്രമ നമ്പർ | പേര് | തസ്തിക | നിയമനം നൽകിയ തീയതി | നിയമനാംഗീകാരം നൽകുവാൻ കഴിയുന്ന തീയതി |
|---|---|---|---|---|
| 1 | ജലാലുദ്ദീൻ കെ ടി | LPSA | 1/3/2007 | 11/11/2015 |
| 2 | നസ്റുദ്ദീൻ കെ | LPSA | 21/6/2007 | 11/11/2015 |
| 3 | അബ്ദുൽ റൗഫ് കെ വി | LPSA | 01/01/2015 | 11/11/2015 |
| 4 | സജിനത്ത് ടി പി | LPSA | 01/06/2015 | 11/11/2015 |

6. സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ടിൽ ശ്രീ .ജലാലുദ്ദീൻ കെ ടി യ്ക്ക് 11/11/2015 മുതൽ അംഗീകാരം നൽകുവാൻ കഴിയും എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സീനിയറായ ശ്രീ ജലാലുദ്ദീൻ കെ. ടി ക്കും സ.ഉ (കൈ) നമ്പർ 29/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 5 അധ്യാപകർക്കും ചുവടെ പറയുന്ന

തീയതി മുതൽ നിയമനാംഗീകാരം നൽകുവാൻ കഴിയും .

| ക്രമ നമ്പർ | പേര് | നിയമനാംഗീകാരം നൽകുവാൻ കഴിയുന്ന തീയതി |
|---|---|---|
| 1 | ജലാലുദ്ദിൻ കെ ടി | 11/ 11/ 2015 |
| 2 | നസ്റുദ്ദിൻ കെ | 11/ 11/ 2015 |
| 3 | അബ്ദുൽ റൗഫ് കെ വി | 11/ 11/ 2015 |
| 4 | സജിനത്ത് ടി പി | 11/ 11/ 2015 |
| 5 | ഫൗസിയ കരിങ്കപ്പാറ | 01/ 06/ 2017 |
| 6 | അർച്ചന പി | 01/ 06/ 2017 |

7. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു . പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു .

*"സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ടിൽ ശ്രീ ജലാലുദ്ദീൻ കെ. ടി യ്ക്ക് 11.11.2015 മുതൽ അംഗീകാരം നൽകുവാൻ കഴിയും എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് വാങ്ങി പരിശോധിക്കുമ്പോൾ ക്രമപ്രകാരമെങ്കിൽ, ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ള പക്ഷവും മറ്റു വിധത്തിൽ യോഗ്യരാണെങ്കിലും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓരോ റ്റീച്ചർക്കും ശുപാർശ ചെയ്ത തീയതി വച്ച് അവരവർക്ക് അംഗീകാരം നൽകുന്നതിന് ഭരണവകുപ്പിന് തീരുമാനമെടുക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പും അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ശ്രീ ജലാലുദ്ദീൻ കെ. ടി, സ.ഉ.(കൈ) നമ്പർ 29/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 5 അധ്യാപകർക്ക് ചുവടെ പറയുന്ന തീയതി മുതൽ നിയമനാംഗീകാരം നൽകുന്നതിൽ തടസമില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

| ക്രമ നമ്പർ | പേര് | നിയമനാംഗീകാരം നൽകുവാൻ കഴിയുന്ന തീയതി |
|---|---|---|
| 1 | ജലാലുദ്ദീൻ കെ. ടി | 11.11.2015 |
| 2 | നസ്റുദ്ദീൻ കെ. | 11.11.2015 |
| 3 | അബ്ദുൾ റൗഫ് കെ. വി | 11.11.2015 |
| 4 | സജിനത്ത് ടി. പി | 11.11.2015 |
| 5 | ഫൗസിയ കരിങ്കപ്പാറ | 01.06.2017 |
| 6 | അർച്ചന പി | 01.06.2017 |

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

8. ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു . മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം.</u>

ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് പുറപ്പെടുവിച്ച 06/03/2019 ലെ സ.ഉ(കൈ) നമ്പർ 29/2019/പൊ.വി.വ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 5 അദ്ധ്യാപകർക്കും ടി ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹനായിരുന്ന ശ്രീ. ജലാലുദീൻ കെ.ടി യ്ക്കും ചുവടെ പറയുന്ന തീയതികളിൽ നിയമനാംഗീകാരം നൽകാമോ ?

| ക്രമ നമ്പർ | പേര് | നിയമനാംഗീകാരം നൽകേണ്ട തീയതി |
|---|---|---|
| 1 | ജലാലുദ്ദീൻ കെ ടി | 1/ 11/ 2015 |
| 2 | നസ്റുദ്ദീൻ കെ | 1/ 11/ 2015 |
| 3 | അബ്ദുൽ റൗഫ് കെ വി | 1/ 11/ 2015 |
| 4 | സജിനത്ത് ടി പി | 1/ 11/ 2015 |
| 5 | ഫൗസിയ കരിങ്കപ്പാറ | 01/ 06/ 2017 |
| 6 | അർച്ചന പി | 01/ 06/ 2017 |